കുറിപ്പുകൾ

വി.കെ അബ്ദുൽ അസീസ് എടവനക്കാട്

# പലിശയുടെ ഭാരം

**ലോകസമ്പത്തിന്റെ** ഗണ്യമായ ഭാഗവും കൈയടക്കിവെച്ചിരിക്കുന്നത് അതിസമ്പന്നരായ ഏതാനും വ്യക്തികളാണ്. ഇവരാണ് ബാങ്കുകളിൽനിന്ന് പണമെടുക്കുന്ന വ്യവസായികളുടെയും വ്യാപാരികളുടെയും മറ്റു തൊഴിലുകളിൽ ഏർപ്പെടുന്നവരുടെയും അധ്വാനഫലം കൊയ്തെടുക്കുന്നത്. പലിശ നേടുന്നതിലായിരിക്കും പലിശക്കാരന്റെ കണ്ണെപ്പോഴും. അതുകൊണ്ട് വ്യവസായങ്ങൾക്കും വാണിജ്യങ്ങൾക്കും പണത്തിനുള്ള ആവശ്യം രൂക്ഷമാകാൻ വേണ്ടി പണം ഈ പലിശക്കാർ പൂഴ്ത്തിവെക്കും. പിന്നെ പലിശനിരക്ക് അനുദിനം വർധിപ്പിച്ചുകൊണ്ടിരിക്കും. കൂടിയ പലിശക്ക് പണമെടുക്കുന്നത് ലാഭകരമല്ലെന്ന് ഒടുക്കം വ്യാപാരികൾക്ക് ബോധ്യമാവും. പലിശ തീർത്തുകൊടുത്തു കഴിഞ്ഞാൽ പിന്നെ വിശേഷിച്ച് ബാക്കിയൊന്നുമുണ്ടാകില്ല. തന്മൂലം ജനലക്ഷങ്ങൾ വ്യാപൃതരായി കഴിയുന്ന ഉൽപാദനമണ്ഡലങ്ങളിൽ മുതലിറക്കുന്ന പണത്തിന്റെ തുക ഗണ്യമായി കുറയും. ഫാക്ടറികളിൽ ഉൽപാദനം ചുരുങ്ങും. തൊഴിലാളികൾ തൊഴിൽരഹിതരാകും. ജനലക്ഷങ്ങൾക്ക് ക്രയശേഷി (Purchasing power)കുറയുകയും ചെയ്യും. സംഗതി ഈ നിലയിലെത്തിയാൽ മാർക്കറ്റിൽ പണത്തിനുള്ള ആവശ്യം (demand) കുറഞ്ഞിരിക്കുന്നുവെന്ന് പലിശ വ്യാപാരികൾ മനസ്സിലാക്കുകയും ഗത്യന്തരമില്ലാതെ പലിശനിരക്ക് കുറക്കുകയും ചെയ്യും. അപ്പോൾ വ്യാപാരികളും വ്യവസായികളും അതേ പണത്തെ തന്നെ ആശ്രയിക്കുകയും പഴയപോലെ പണമെടുപ്പ് പുനരാരംഭിക്കുകയും ചെയ്യും. ഇങ്ങനെയാണ് ലോകത്ത് സമ്പദ്ഘടനയിൽ ഇടക്കിടെ പ്രതിസന്ധികൾ ഉളവാകുന്നത്. മനുഷ്യർ മുഴുവൻ അതിൽ കിടന്ന് നട്ടംതിരിയുന്നു എന്നതാണ് സങ്കടകരം.

ഓരോ ഉപഭോക്താവും പലിശവ്യാപാരികൾക്ക് പരോക്ഷനികുതി (indirect tax) നൽകുന്നുണ്ട്. കാരണം വ്യാപാരികളും വ്യവസായികളും തങ്ങൾ കൊടുക്കുന്ന പലിശയുടെ തുക പാവം ഉപഭോക്താക്കളുടെ കീശയിൽനിന്നാണ് ഈടാക്കുന്നത്. കൊടുക്കുന്ന പലിശക്കനുസരിച്ച് അവർ തങ്ങൾ ഉൽപാദിപ്പിക്കുന്ന ഉൽപന്നങ്ങൾക്ക് വില കൂട്ടുന്നു. അപ്പോൾ അന്തിമ വിശകലനത്തിൽ പലിശയുടെ ഭാരം ചുമക്കുന്നതും അതിന്റെ കെടുതികൾ അനുഭവിക്കുന്നതും ലോകത്തിലെ മുഴുവൻ പാവപ്പെട്ടവരാണ്. പദ്ധതി പ്രവർത്തനങ്ങൾക്ക് IMF/ADB പോലെയുള്ള നാണയനിധികളിൽനിന്നും ഭരണകൂടങ്ങൾ വാങ്ങുന്ന വായ്പയുടെ പലിശയും നൽകേണ്ടത് അതത് രാഷ്ട്രങ്ങളിലെ പൗരജനങ്ങളാണ്. അഥവാ പലിശയടക്കം കടം തീർക്കുന്നതിന് നികുതികൾ വർധിപ്പിക്കാൻ ഭരണകൂടങ്ങൾ നിർബന്ധിതരാകുന്നു. അങ്ങനെ പലിശയെന്ന മഹാവിപത്തിന്റെ ദൂരവ്യാപകമായ ആഘാതങ്ങൾ പേറി മനുഷ്യജീവിതം നരകതുല്യമായി തീരുന്നു.

ഇവിടെയാണ് ഇസ്‌ലാമിക ബാങ്കുകൾ ഒരു സമാന്തര സാമ്പത്തിക വ്യവസ്ഥയെന്ന നിലയിൽ പ്രസക്തമാകുന്നത്. ലോകം കടുത്ത സാമ്പത്തിക മാന്ദ്യത്തിന്റെ പിടിയിലമരുമ്പോഴും ഇസ്‌ലാമിക ബാങ്കുകൾ പുരോഗതിയുടെ പാതയിലാണ്.

പലിശാധിഷ്ഠിത സാമ്പ്രദായിക ബാങ്കുകൾ പോലും ഇന്ന്, ഇസ്‌ലാമിക് വിൻഡോകൾ തുറക്കാൻ നിർബന്ധിതമാകും വിധം ഇതിന്റെ സ്വാധീനം വ്യാപിച്ചുകൊണ്ടിരിക്കുന്നു. ഇന്ത്യയിലും ഇതുസംബന്ധമായ ചർച്ചകൾ നടക്കുകയാണ്. പരമ്പരാഗത ബാങ്കുകളോട് പലനിലയിലും മത്സരിച്ചു വിജയിച്ചു പോരുന്ന ഇസ്‌ലാമിക ബാങ്കുകൾ ഈയിടെ ധനകാര്യ വിദഗ്ധരുടെയും സാമ്പത്തിക ലേഖകരുടെയും ആലോചനാ വിഷയമായിത്തീർന്നിട്ടുണ്ട്. 1997 നവംബർ 19-ന്റെ *ഇക്കണോമിക് ടൈംസിൽ* ഇന്ത്യയിലെ അറിയപ്പെടുന്ന സാമ്പത്തിക വിദഗ്ധൻ മധുസൂദൻ, ഈ സമ്പ്രദായത്തെ ശ്ലാഘിച്ചുകൊണ്ട് ലേഖനമെഴുതിയത് ശ്രദ്ധേയമാണ്.

മുൻ കേന്ദ്രമന്ത്രിയായിരുന്ന സന്ത്മേത്ത അദ്ദേഹത്തിന്റെ തന്നെ മേൽനോട്ടത്തിൽ 'അന്ത്യോദയ കേന്ദ്ര' എന്ന പേരിൽ സമൂഹത്തിലെ അവശവിഭാഗങ്ങളുടെ ഉന്നമനത്തിനായി ഒരു പലിശരഹിതബാങ്ക് തുടങ്ങുകയുണ്ടായി. മേത്തയെ ഇതിന് പ്രേരിപ്പിച്ചത് പ്രമുഖ ഇസ്‌ലാമിക സാമ്പത്തിക ശാസ്ത്രജ്ഞൻ ഡോ. നജാത്തുല്ലാ സിദ്ദീഖിയുടെ 'Banking Without Interest' എന്ന കൃതിയായിരുന്നു. പലിശരഹിത സംരംഭങ്ങൾക്ക് ഇന്ത്യയിൽ വൻ സാധ്യതയുണ്ടെന്ന് ഒരു മാസികക്ക് നൽകിയ അഭിമുഖത്തിൽ സന്ത്മേത്ത പറഞ്ഞിരുന്നു.

ഇന്ത്യയിൽ ഇന്ന് സ്വകാര്യ മേഖലയിൽ മുന്നൂറോളം പലിശരഹിതനിധികൾ/ സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നു. മുംബൈ ആസ്ഥാനമായി പ്രവർത്തിക്കുന്ന ബർക്കത്ത് ഇൻവെസ്റ്റ്മെന്റ് ഗ്രൂപ്പ്, ബാംഗ്ലൂരിലെ അൽഅമീൻ ഇൻവെസ്റ്റ്മെന്റ് ഗ്രൂപ്പ്, ദൽഹി കേന്ദ്രമായി പ്രവർത്തിക്കുന്ന അൽഫലാഹ് എന്നിവ പ്രത്യേകം എടുത്തുപറയേണ്ട സംരംഭങ്ങളാണ്. കേരളത്തിലെ എ.ഐ.സി.എൽ എന്ന പേരിൽ ഗവൺമെന്റംഗീകാരത്തോടെ 2001-ൽ പ്രവർത്തനമാരംഭിച്ച സ്ഥാപനം പ്രതീക്ഷക്ക് വകനൽകുന്നു.

ഹിന്ദു ധനശാസ്ത്രത്തെക്കുറിച്ച് ബൃഹത്തായ ഗ്രന്ഥമെഴുതിയ മഹാരാഷ്ട്രക്കാരനായ ഡോ. ബൊക്കാറെ ഇസ്‌ലാമിക സാമ്പത്തികവ്യവസ്ഥയുടെ സാധ്യതകളെക്കുറിച്ച് ഇപ്രകാരം എഴുതി: "അത് പ്രയോഗത്തിൽ വരുന്നതിനുള്ള കാലതാമസമേയുള്ളൂ. വിജയിക്കുമെന്നതിൽ യാതൊരു സംശയവുമില്ല. ഇസ്‌ലാം മൂല്യങ്ങളെക്കുറിച്ച് സംസാരിക്കുക മാത്രമല്ല അത് നടപ്പിൽ വരുത്താൻ കർശനമായ രീതി അവലംബിക്കുക കൂടി ചെയ്യുന്നുണ്ട്. വിവിധ മതങ്ങൾ തിന്മകളെക്കുറിച്ച് ഉൽബോധിപ്പിക്കുന്നുണ്ടെങ്കിലും കാര്യസാധ്യത്തിനു വേണ്ടി അവ വിട്ടുവീഴ്ചകൾക്ക് പഴുതനുവദിക്കുന്നുണ്ട്. അചഞ്ചലമായി നിൽക്കുന്നത് ഇസ്‌ലാം മാത്രം."

അവകാശങ്ങൾക്കൊപ്പം ബാധ്യതകൾ കൂടിയുണ്ടെന്ന് ഓർമിപ്പിക്കുന്ന, അവസര സമത്വത്തിലൂന്നിയ സാമ്പത്തിക നയത്തിലൂടെ സാമൂഹികനീതിയും ഭദ്രതയും ഉറപ്പുവരുത്തുന്ന, വിശുദ്ധ ഖുർആനല്ലാത്ത മറ്റേതെങ്കിലും മൂല്യവ്യവസ്ഥ ഇന്ന് നിലനിൽക്കുന്നുണ്ടോ എന്ന് വിവേകമതികൾ പരിശോധിക്കട്ടെ! ■